**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4307** **18-07-2022 - ൽ മറുപടിയ്ക്ക്**

**ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി സബ്സിഡി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | ഗാർഹിക ഉപഭോക്താക്കൾക്ക് സബ്സിഡി നൽകി സൗജന്യമായി വൈദ്യുതി ലഭ്യമാക്കി വരുന്നുണ്ടോ; എങ്കിൽ നിലവിലെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്ക്, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 25.07.2012-ലെ ഉത്തരവ് പ്രകാരമുള്ള താരിഫ് വർദ്ധനവിൽ നിന്നും ഒഴിവാക്കാനാണ് ഗവൺമെന്റ് സബ്സിഡി നൽകി തുടങ്ങിയത്. ടി സബ്സിഡി ഇപ്പോഴും തുടരുന്നു. ഇത് പ്രതിമാസം 40 യൂണിറ്റ് വരെ യൂണിറ്റൊന്നിന് 35 പൈസയും 41 യൂണിറ്റ് മുതൽ 120 യൂണിറ്റ് വരെ യൂണിറ്റൊന്നിന് 50 പൈസയും ആണ്. പ്രതിമാസം 120 യൂണിറ്റ് വരെ ഉപഭോഗമുള്ള സിംഗിൾ ഫേസ് ഗാർഹിക ഉപഭോക്താക്കൾക്ക് 20 രൂപ ഫിക്സഡ് ചാർജ് ഇനത്തിൽ സബ്സിഡി നൽകി വരുന്നുണ്ട്.<br><br>പ്രതിമാസം 30 യൂണിറ്റ് വരെ ഉപഭോഗമുള്ള 500 വാട്ട്സിൽ താഴെ കണക്റ്റഡ് ലോഡുള്ള സാമൂഹികമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിലുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ഗവൺമെന്റ് സബ്സിഡി നൽകി വൈദ്യുതി സൗജന്യമായാണ് നൽകി വരുന്നത്.<br><br>കൂടാതെ പ്രതിമാസം 41 മുതൽ 50 യൂണിറ്റ് വരെ ഉപഭോഗമുള്ള ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ഗവൺമെന്റ് സബ്സിഡി നൽകി, വൈദ്യുതി യൂണിറ്റൊന്നിന് 1.50 രൂപാ നിരക്കിൽ നൽകി വരുന്നു.<br><br>ജീവൻരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്ന രോഗികൾക്ക് വൈദ്യുതി സൗജന്യമായി നൽകി വരുന്നു. ഏകദേശം 67.5 ലക്ഷം ഉപഭോക്താക്കൾക്ക് സബ്സിഡി ആനുകൂല്യം ലഭിക്കുന്നു. |
| (ബി) | കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ വൈദ്യുതി നിരക്കിൽ ഇളവുകൾ ലഭിക്കുന്ന ഉപഭോക്താക്കളുടെ വിശദാംശം ലഭ്യമാക്കാമോ? | (ബി) | കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ വൈദ്യുതി നിരക്കിൽ ഇളവുകൾ ലഭിക്കുന്ന ഉപഭോക്താക്കളുടെ എണ്ണം 61936 ആണ്. |

സെക്ഷൻ ഓഫീസർ